നിഷാദ് തോട്ടുങ്ങൽ

# മഞ്ഞച്ചേര



പുതുമേനി തിളങ്ങുന്നു, സ്വർണ്ണനിറത്തിൽ തിളങ്ങുന്നു..

ചരിഞ്ഞുവീണ വൈകുന്നേരത്തെ വെയിലേറ്റ് ഉടലാകെ തിളങ്ങുന്നത് കണ്ട് മഞ്ഞച്ചേര അഭിമാനം കൊണ്ടു..

മാളത്തിനു പുറത്ത് കാൽപ്പെരുമാറ്റം അനുഭവപ്പെട്ടപ്പോൾ കൈതക്കാട്ടിലേക്ക് ആകാംക്ഷയോടെ അത് നോക്കി....

രണ്ട് കൂറ്റൻ പെരുച്ചാഴികൾ കാര്യമായ പരിശോധനയിലാണ്.

കണ്ടിട്ട് വിഡ്ഢികളാണെന്ന് വ്യക്തം. താൻ പടംപൊഴിച്ചിട്ടതിനെപ്പോലും ഇവക്ക് ഭയമോ...

വെറുമൊരു ചേരയാണ്, ഉടലിന് മനോഹരമായ മഞ്ഞനിറമാണെങ്കിലും. വേണമെങ്കിൽ പാഞ്ഞു ചെന്നൊരു ഭീകരാന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും. തൽക്കാലം അനങ്ങാതിരുന്ന് കാഴ്ചകൾ കാണാൻ തന്നെയായിരുന്നു തീരുമാനം.

കുറച്ചു കഴിഞ്ഞ് അതുവഴി വന്ന കോഴിയും

ഭാരതരത്നം നേടിയ ആദ്യ ശാസ്ത്രജ്ഞൻ– സി.വി രാമൻ (1954)



## ഫിഫ

ഫുട്ബോൾ കളിയെ നിയന്ത്രിക്കുന്ന അന്തർദേശീയ സംഘടനയായ ഫിഫ 1904-ലാണ് നിലവിൽ വന്നത്. സൂറിച്ച് ആണ് ഇതിന്റെ ആസ്ഥാനം. ഫോർ ദി ഗെയിം, ഫോർ ദി വേൾഡ് എന്നതാണ് ഫിഫയുടെ ആപ്തവാക്യം. റോബർട്ട് ഗെറിൻ ആയിരുന്നു ഇതിന്റെ പ്രഥമ പ്രസിഡന്റ്.

കുഞ്ഞുങ്ങളും തന്നെ ഭയന്ന് ഓടിമറയുന്നത് കണ്ടപ്പോൾ ക്രൂരമായി പൊട്ടിച്ചിരിച്ചു.

ഇന്നത്തേക്ക് കുശാലായെന്ന് കരുതി പറന്നിറങ്ങിയ മയിലിനു പറ്റിയ അക്കിടി കണ്ട് ചിരിച്ച് ചിരിച്ച് കുഴഞ്ഞു.

കൈതക്കാടിനുള്ളിൽ നീണ്ടു കിടക്കുന്ന പാമ്പിൻപടം കണ്ട് ചില മനുഷ്യക്കുട്ടികൾ ഭയന്ന് മാറുന്നതും, എന്തൊക്കെയോ രഹസ്യങ്ങൾ പറയുന്നതും കണ്ടപ്പോൾ പുറത്തിറങ്ങി വിരട്ടിവിട്ടാലോ എന്നു പോലും തോന്നുമാറ് മഞ്ഞച്ചേരയുടെ മനസ്സ് മാറിത്തുടങ്ങി.

അത് അഹങ്കാരത്തോടെ മാളത്തിൽ ചുരുണ്ട് നിവർന്നിരുന്നു.

കുട്ടികൾ മുതിർന്നവരെ കൂട്ടിയാണല്ലോ വരവ്. മനുഷ്യർക്കും ഇത്ര പേടിയോ..

"അതെയമ്മാവാ, ദാ കണ്ടോ പാമ്പ് പടം പൊഴിച്ചിട്ടിരിക്കുന്നത് കണ്ടോ?"

"അച്ഛാ... ദാ കണ്ടോ, എന്താ നീളം!"

"എങ്കിൽ പരിസരത്ത് പാമ്പുണ്ടാകും. വേഗം തിരയൂ, കുട്ടികൾ പോണ വഴിയാ!"

മാളത്തിലേക്ക് കോലുകൾ നീണ്ടുവരുന്നു. ഈ പേടിത്തൊണ്ടൻമാർ കുത്തിക്കൊല്ലുമല്ലോ..

രണ്ടുംകൽപ്പിച്ച് ആൾക്കൂട്ടത്തിലേക്കൊരൊറ്റപ്പാച്ചൽ! കല്ലും വടിയും താനതുവരെ അഹങ്കരിച്ച മേനിയെ വേദനിപ്പിച്ചു.

പെട്ടെന്ന് ഏറും അടിയും നിന്നു...

"വിട്ടേക്ക് കൂട്ടരേ, ഇത് വെറും മഞ്ഞച്ചേരയാ! ഇവനെക്കൊണ്ടൊരാപത്തും നമുക്ക് വരില്ല, മൂർഖനെയൊക്കെ ചിലപ്പോൾ കണ്ടേക്കാം. എല്ലാവരും സൂക്ഷിച്ച് നടന്നാ മതി...."

ഓഹോ! വെറും പീറ മഞ്ഞച്ചേര..

വെറും പീറ മഞ്ഞച്ചേര...

പൊഴിച്ച പടംകണ്ട് ഭയന്നത്രപോലും ആരുമതിനെ ഭയന്നില്ലെന്നറിഞ്ഞ് അപമാനിതനായി സമീപത്തെ കുറ്റിക്കാട്ടിലേക്ക് വേച്ച് വേച്ചിഴഞ്ഞുപോയി.

✦

## പക്ഷിക്കണ്ണ്

പക്ഷികൾ അവയുടെ കഴുത്ത് ഇടക്കിടെ ചലിപ്പിക്കുന്നത് കൂട്ടുകാർ കണ്ടിരിക്കും. പക്ഷികളുടെ കണ്ണുകൾക്ക് ചെറിയ ചലനങ്ങൾ മാത്രമേ സാധ്യമാവുകയുള്ളൂ എന്നതിനാലാണിത്.



തുർക്കി പ്രസിഡന്റ് ഉർദുഗാന്റെ പാർട്ടി - ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (അക് പാർട്ടി)